# കേരള കാർഷിക സർവ്വകലാശാല

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര**

**കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**

(ടെലിഫോൺ: 04872371931)

## തൃശ്ശൂർ

**E mail: kauagmet@yahoo.co.in**

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എഎസ് 02/17, ചൊവ്വാഴ്ച** **തീയ്യതി 10.01.2017**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ മഴ ലഭിച്ചില്ല. ഏറ്റവും ഉയർന്നതാപനില 34.0 മുതൽ 35.0 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 21.0 മുതൽ 23.0 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 61 മുതൽ 82 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 28 മുതൽ 45 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 2.4 മുതൽ 5.0 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 7.3 മുതൽ 9.4 മണിക്കൂറും ബാഷ്പീകരണം ദിനം പ്രതി 3.3 മുതൽ 4.8 മില്ലി.മീറ്റർ വരെയും ആയിരുന്നു.

### അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 11.01.2017 | 12.01.2017 | 13.01.2017 | 14.01.2017 | 15.01.2017 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (ത്ഥഇ ) | 34 | 34 | 34 | 34 | 34 |
| കുറഞ്ഞ താപനില (ത്ഥഇ ) | 22 | 22 | 22 | 22 | 22 |
| മേഘവ്യാപ്തി (ഒക്ട) | 3 | 3 | 4 | 4 | 4 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 50 | 50 | 50 | 50 | 50 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 008 | 008 | 008 | 008 | 008 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 270 | 270 | 290 | 290 | 290 |

### കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | വളർച്ചാഘട്ടം/രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (ജ്യോതി, കാഞ്ചന, ഉമ, പൊൻമണി) | കൊയ്ത്തു പരുവം | മുണ്ടകൻ കൊയ്ത്തു തുടരുന്നു. രണ്ടാം വിളയ്ക്കു ശേഷം വെള്ളമുണ്ടെങ്കിൽ പയറോ പച്ചക്കറിയോ നടാം. ഇത് മണ്ണിന്റെ ഫലപുഷ്ടി വർധിപ്പിക്കുകയും തുടർന്നുള്ള കൃഷിയിൽ നെല്ലിന്റെ കീടരോഗബാധ കുറയ്ക്കുകയും ചെയ്യും |
| തെങ്ങ് | | തെങ്ങിൽ ജലസേചനം തുടരാം. ആഴ്ച്ചയിൽ ഒന്നോ രണ്ടോ നന നൽകാം. തുള്ളി നനയുള്ള തോട്ടങ്ങളിൽ ഒരു തെങ്ങിനു ദിവസം 50-60 ലിറ്റർ വെള്ളം നൽകാം. നനയുടെ തോത് കുറയ്ക്കാൻ തെങ്ങിൻ തടങ്ങളിൽ പുതയിട്ടു കൊടുക്കണം. |
| ഇഞ്ചി, മഞ്ഞൾ, കുരുമുളക് | വിളവെടുപ്പ് | ഇഞ്ചി, മഞ്ഞൾ, കുരുമുളക് എന്നിവയിൽ വിളവെടുപ്പ് തുടങ്ങാം. കുരുമുളക് കൊടിയുടെ ചുവട്ടിൽ പുതയിട്ട് ഉണക്കിന്റെ കാഠിന്യം കുറയ്ക്കാം. |
| പച്ചക്കറികൾ (വെണ്ട) | പൗഡറി മിൽഡ്യു | മഞ്ഞുക്കാലമായതിനാൽ വെണ്ടയുടെ ഇലകളിൽ പൊടിതൂവിയമാതിരി പൗഡറി മിൽഡ്യു എന്ന രോഗം കാണാം. തുടർന്ന് ഇലകൾ കരിയും. വെറ്റബിൾ കരാത്തേൻ(ഡിനോകേപ്പ്) 2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |